# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *539 26.03.2018 -ലെ മറുപടിയ്ക്ക്

## കോളേജുകളേയും സർവ്വകലാശാലകളെയും മെച്ചപ്പെടുത്തുന്നതിന് പദ്ധതി

*ചോദ്യം*

ശ്രീ. ശ്രീ.പി.ടി. തോമസ്
,, എ.പി. അനിൽ കുമാർ
,, ഹൈബി ഈഡൻ
,, എം. വിൻസെന്റ് :

*ഉത്തരം*

പ്രൊഫ. സി രവീന്ദ്രനാഥ്
(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിലുള്ള കോളേജുകളേയും സർവ്വകലാശാലകളെയും മെച്ചപ്പെടുത്തുന്നതിനുള്ള ബൃഹത് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) (ബി) & (സി) | കോളേജുകളെയും സർവ്വകലാശാലകളെയും മികച്ച വിദ്യാഭ്യാസ ആശയങ്ങളോടും സമ്പ്രദായങ്ങളോടും കൂടിയുള്ളതാകണമെന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കിഫ്ബി ധന സഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിച്ച് വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്.<br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240 .9 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകി കഴിഞ്ഞു. മറ്റ് സർവ്വകലാശാലകളുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കേരള, എം.ജി., കാലിക്കറ്റ് , കണ്ണൂർ, കുസാറ്റ് , മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഇ ഗവേണൻസ് പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിദ്യാർത്ഥി പ്രവേശനം , പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്ക് ഒരു ഏകീകൃത രൂപം നിർദ്ദിഷ്ട ഇ ഗവേണൻസ് |
| (ബി) | പുതിയ ഉന്നത വിദ്യാപീഠങ്ങളും ഗവേഷണശാലകളും സ്ഥാപിക്കുന്നതിന് പദ്ധതിയിൽ പ്രാധാന്യം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | | |
| (സി) | ഇതിനായി കോളേജുകൾക്കും സർവ്വകലാശാലകൾക്കും എന്തെല്ലാം സഹായമാണ് നൽകുന്നത്; വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പിലാക്കുമ്പോൾ കൈവരിക്കാനാകുമെന്ന് കരുതുന്നു. 2018 ലെ വിദ്യാർത്ഥി പ്രവേശനം മുതൽ ഇത് ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.<br><br>സർവ്വകലാശാലകളിലും കോളേജുകളിലും റൂസ പദ്ധതി പ്രകാരം വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>ശതോത്തര വാർഷികം ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, തൃശ്ശൂർ കേരള വർമ്മ കോളേജ് എന്നീ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനു വേണ്ടി കിഫ്ബി മുഖേന 150 കോടി രൂപയുടെ പ്രത്യേക നിക്ഷേപ പാക്കേജിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകളെയും 7 ഗവ. എഞ്ചിനീയറിംഗ് കോളേജുകളെയും 9 ഗവ. പോളി ടെക്നിക് കോളേജുകളെയും കിഫ്ബി മുഖേന 'മികവിന്റെ കേന്ദ്രങ്ങൾ' ആക്കുന്നതിന് (Centre of Excellence) നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതികളുടെ നടത്തിപ്പിനായി KITE നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിശ്ചയിച്ചും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

റൂസ നൽകുന്ന സഹായം ചുവടെ ചേർക്കുന്നു.

- യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സാമ്പത്തിക സഹായം നൽകുന്നു.
- കേരള സർവ്വകലാശാലയിലെ യു.ജി.സി.-അക്കാദമിക് സ്റ്റാഫ് കോളേജിന് അധ്യാപക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിക്കായി 1 കോടി രൂപ നൽകിയിട്ടുണ്ട്.
- സർവ്വകലാശാലകൾ / കോളേജുകൾ സംഘടിപ്പിക്കുന്ന അന്തർദേശീയ - ദേശീയ സെമിനാറുകൾ, ശില്പശാലകൾ എന്നിവക്ക് സാമ്പത്തിക സഹായം നൽകി വരുന്നു.
- മാതൃകാ കോളേജ് പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ മൂന്നാർ സർക്കാർ കോളേജിന്, 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്.
- 30 ഗവ. ആർട്സ് & സയൻസ് കോളേജുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ സ്ഥാപിക്കുവാനുള്ള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.
- സംസ്ഥാനത്തെ മുഴുവൻ സർക്കാർ കോളേജുകളെയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് പദ്ധതി - നിലവിൽ 18 ഗവ. കോളേജുകളിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.
- സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 40 ഗവ. കോളേജുകളിൽ ഇ- ജേർണലും ലാപ്ടോപ്പും നല്കി അക്കാദമിക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി.
- സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 40 ഗവ. കോളേജുകളിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുവാൻ സാധിക്കുന്ന വിധത്തിൽ തയ്യാറാക്കിയ പ്രത്യേക ലാപ്ടോപ്പും, സോഫ്റ്റ് വെയറും നല്കുന്ന പദ്ധതി.
- 'ശാസ്ത്രയാൻ-2018' എന്ന പദ്ധതി ഒരു നൂതന ആശയമായി റൂസ വഴി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സർവ്വകലാശാലകളുടെയും കോളേജുകളുടെയും അക്കാദമിക് – ഗവേഷണ നേട്ടങ്ങൾ പൊതുസമൂഹത്തിന് പ്രാപ്യമാക്കുന്നതിന് വേണ്ടിയുള്ള "ഓപ്പൺ ഹൗസ്" പ്രോഗ്രാമാണ് ശാസ്ത്രയാൻ. പ്രസ്തുത പദ്ധതിയിലൂടെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും സമീപ പ്രദേശത്തുള്ള പൊതുസമൂഹത്തിന് സ്ഥാപനം നേടിയ ഗവേഷണനേട്ടങ്ങൾ നേരിട്ട് അനുഭവിക്കുവാൻ സാധിക്കുന്നു.

സംസ്ഥാനത്തെ 6 യൂണിവേഴ്സിറ്റികളിലും 20 ഗവ. ആർട്സ് & സയൻസ് കോളേജുകളിലും കേരള യൂണിവേഴ്സിറ്റിക്കു കീഴിലെ യു.ജി.സി.-അക്കാദമിക് സ്റ്റാഫ് കോളേജിനും റൂസയുടെ ധനസഹായം പ്രത്യേകിച്ച് അടിസ്ഥാനസൗകര്യ വികസനത്തിനും അക്കാദമിക മികവ് കൈവരിക്കുന്നതിനുമായി നല്കിവരുന്നു. പൊതുവിൽ പ്രസ്തുത തുകയുടെ 35% പുതിയ നിർമ്മാണ പ്രവർത്തികൾക്കും 35% പുനരുദ്ധാരണ പ്രവർത്തികൾക്കും 30% അക്കാദമിക് മികവ് ഉയർത്തുവാൻ വേണ്ട വാങ്ങലുകൾക്കുമാണ് പ്രസ്തുത ധനസഹായം വിനിയോഗിക്കുന്നത്. അനുവദിക്കപ്പെട്ട തുക മാനദണ്ഡങ്ങൾക്കനുസൃതമായി യഥാസമയം വിനിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് ലഭിക്കുവാനുള്ള 2-ാം ഘട്ടം, 3-ാം ഘട്ടം തുകയും റൂസ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.